# അർബൻ അഫയേഴ്സ് വകുപ്പ്

## പൗരാവകാശരേഖ

**പൊതു വിവരണം :**

ഡയറക്ടറുടെ പേര് : എൻ.എ. കൃഷ്ണൻകുട്ടി ഐ.എ.എസ്

**അധികാര പരിധി**

അഞ്ചു കോർപ്പറേഷൻ നഗരങ്ങളും 53 മുനിസിപ്പാലിറ്റികളും

**ആസ്ഥാനം**

അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം

**മേഖലാ ഓഫീസുകൾ**

കൊല്ലം :- അർബൻ അഫയേഴ്സ് മേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയം കോംപ്ലക്സ് ബിൽഡിംഗ്, കൊല്ലം

കൊച്ചി : അർബൻ അഫയേഴ്സ് മേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സ് *ബിൽഡിംഗ്, ശ്രീധർ തീയേറ്ററിന് സമീപം ബ്രോഡ്* വേ കൊച്ചി 31

കോഴിക്കോട് : അർബൻ അഫയേഴ്സ് മേഖലാ ജോയിന്റ് ഡയറക്ടറാഫീസ്, ടാക്സി സ്റ്റാന്റ് ബിൽഡിംഗ് പാളയം കോഴിക്കോട്

**ടെലിഫോൺ നമ്പരുകൾ :**

ആസ്ഥാന ഓഫീസ് : ഡയറക്ടർ - 0471 - 2322886
ഓഫീസ് - 0471 - 2322896

| | |
|---|---|
| പി.എഫ്./പെൻഷൻ/സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം | - 0471 2320493 |
| മേഖലാ ഓഫീസ് കൊല്ലം | - 0474 - 2748812 |
| കൊച്ചി | - 0484 - 2361107 |
| കോഴിക്കോട് | - 0495 - 2720340 |

## ആമുഖം

അർബൻ അഫയേഴ്സ് വകുപ്പിൽ നിന്ന് പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അടങ്ങിയ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്.

കേരളത്തിൽ നഗര ഭരണം കാര്യക്ഷമമാക്കുന്നതിനായി 1962-ലാണ് മുനിസിപ്പാലിറ്റീസ് വകുപ്പ് രൂപ കൊണ്ടത്. പഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഭരണത്തിനായി നിലവിലുണ്ടായിരുന്ന ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെൻര് രണ്ടായി വിഭജിച്ചാണ്. പഞ്ചായത്തു ഡിപ്പാർട്ടുമെന്റ് മുനിസിപ്പാലിറ്റീസ് ഡിപ്പാർട്ടുമെന്റ് എന്നിവ രൂപീകരിക്കപ്പെട്ടത് വകുപ്പിലെ രൂപീകരണ ഘട്ടത്തിൽ സംസ്ഥാനത്താകെ മുപ്പതിൽ താഴെ നഗരസഭകൾ മാത്രമാണ്. ഉണ്ടായിരുന്നത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കൂടി ഭരണ നിയന്ത്രണം മുനിസിപ്പൽ ഡയറക്ടർക്ക് കൈവരത്തക്കവണ്ണം 1980-ൽ മുനിസിപ്പാലിറ്റീസ് വകുപ്പിന്റെ പേര് മുനിസിപ്പൽ ഭരണ വകുപ്പ് എന്നാക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നഗര വികസന നയത്തിലെ പ്രഖ്യാപനത്തിനനുസൃതനായി 16-12-2002 ലെ സ.ഉ.എം.എസ്. 218/2002/ത.സ്വ.ഭ.വ. നം. ഉത്തരവനുസരിച്ച് വകുപ്പിന്റെ പേര് ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ് എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളുടെയും 5 കോർപ്പറേഷനുകളുടെയും ഭരണം ഇപ്പോൾ അർബൻ അഫയേഴ്സ്സ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. അർബൻ അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 3 മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ മേഖലാ ഓഫീസിന്റെയും പ്രവർത്തന പരിധിയിലുള്ള നഗരസഭകളുടെയും വിവരം ചുവടെ ചേർക്കുന്നു.

**<u>ദക്ഷിണ മേഖലാ ഓഫീസ് കൊല്ലം</u>**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ കോട്ടയം ജില്ലകളിലെ മുനിസിപ്പാലസിറ്റികളും, കൊല്ലം തിരുവനന്തപുരം കോർപ്പറേഷനുകളും

**<u>മദ്ധ്യമേഖലാ ഓഫീസ് കൊച്ചി</u>**

ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികളും പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഒറ്റപ്പാലം എന്നീ മുനിസിപ്പാലിറ്റികളും കൊച്ചി തൃശ്ശൂർ കോർപ്പറേഷനുകളും

**<u>ഉത്തരമേഖലാ ഓഫീസ് കോഴിക്കോട്</u>**

പാലക്കാട് ജില്ലയിലെ പാലക്കാട് ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റികളും മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർകോട് ജില്ലകളിലെ മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപ്പറേഷനും

പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും കാലാകാലങ്ങളിൽ നിയമത്തിലും ചട്ടത്തിലും വരുന്ന മാറ്റങ്ങളും സർക്കാർ ഉത്തരവുകളും കൂടി കണക്കിലെടുത്ത് ആവശ്യാനുസരണം പുതുക്കി പ്രിസിദ്ധീകരിക്കാവുന്നതാണ്.

വിവിധ ആവശ്യങ്ങൾക്കായി ഈ വകുപ്പിനെ സമീപിക്കുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട് സേവനം എളുപ്പത്തിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് ഈ പൗരാവകാശ രേഖ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഒപ്പ്
എൻ.എ. കൃഷ്ണൻകുട്ടി ഐ.എ.എസ്
അർബൻ അഫയേഴ്സ് ഡയറക്ടർ

**അർബൻ അഫയേഴ്സ് വകുപ്പ്**

**പൗരാവകാശരേഖ**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരവും നിബന്ധനകളും | സേവനം ലഭ്യമാക്കുന്ന കാലാവധി |
|---|---|---|
| 1 | **നിയമനങ്ങൾ**<br><br>**എ). പി.എസ്സ്.സി. ശുപാർശ ചെയ്യുന്ന നിയമനങ്ങൾ**<br><br>കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെയും അർബൻ അഫയേഴ്സ് വകുപ്പിലെയും വിവധ തസ്തികളിലേക്കുള്ള നിയമനങ്ങൾ | പി.എസ്സ്.സി. നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ |
| | **ബി). സമാശ്വാസ തൊഴിൽദാന പദ്ധതി**<br><br>1. സർവ്വീസിലിരിക്കെ മരണമടഞ്ഞ നഗരസഭാ ജീവനക്കാരുടെ ആശ്രിതർക്കുള്ള ടി പദ്ധതി സംബന്ധിച്ച അപേക്ഷകൾ നഗരസഭാ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശയോടെ ലഭിക്കുന്ന മുറയ്ക്ക് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്. | 10 ദിവസം |
| | 2. അർബൻ അഫയേഴ്സ് വകുപ്പിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെയും നഗരസഭാ സെക്രട്ടറിമാരുടെയും ആശ്രിതരിൽ നിന്നും ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിൽ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണ്. | 10 ദിവസം |
| | 3. നിയമാനുമതി സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭിക്കുന്നതിനനുസരിച്ച നിയമനം (ഒഴിവിന്റെ ലഭ്യതയും സർക്കാർ ഉത്തരവിലെ മുൻഗണനാ | 10 ദിവസം |

| | | |
|---|---|---|
| | ക്രമവുമനുസരിച്ചാണ് നിയമനം നൽകുന്നത്)<br><br>**<u>സി). വികലാംഗർക്കുള്ള നിയമനം</u>**<br><br>വികലാംഗർക്കുള്ള തൊഴിൽ ദാന പദ്ധതി പ്രകാരം അർബൻ അഫയേഴ്സ് വകുപ്പിലേയ്ക്കും കേരള മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്കും ജില്ലാ കളക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള നിയമനം | അഞ്ചു ദിവസം /ജില്ലാ കളക്ടർ നിശ്ചയിക്കുന്ന സമയപരിധിയ്ക്കകം/കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒഴിവിന്റെ ലഭ്യതയനുസരിച്ച് |
| 2 | **<u>ജീവനക്കാരുടെ പ്രൊബേഷൻ</u>**<br><br>കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശ സഹിതം ലഭിക്കുന്ന മുറയ്ക്ക് പ്രൊബേഷൻ പ്രഖ്യാപിച്ച ഉത്തരവു നല്കുന്നതാണ്.<br><br>അർബൻ അഫയേഴ്സ് വകുപ്പിലെ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നു. മേഖലാ ജോയിന്റ് ഡയറക്ടർമാരുടെ / നഗരസഭാ സെക്രട്ടറിമാരുടെ പ്രൊബേഷൻ സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു. | 10 ദിവസം<br><br><br><br><br><br><br><br><br><br><br><br>10 ദിവസം |
| 3 | **<u>ഉദ്യോഗ കയറ്റം</u>**<br><br>എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റങ്ങൾ ഒഴിവിന്റെ ലഭ്യതയനുസരിച്ച് നൽകുന്നു.<br><br>*1). അർബൻ* അഫയേഴ്സ് വകുപ്പിലെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം ഒഴിവിന്റെ ലഭ്യതയനുസരിച്ച് നൽകുന്നതാണ്. ഗസറ്റഡ് തസ്തികയിലെ ഉദ്യോഗക്കയറ്റങ്ങൾ ഡി.പി.സി. സെലക്ഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ് | <br><br>30 ദിവസം<br><br><br><br><br>10 ദിവസം |
| 4 | **<u>ജീവനക്കാർക്കുള്ള അവധി അനുവദിയ്ക്കൽ</u>** | |

| | | |
|---|---|---|
| | കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെയും അർബൻ അഫയേഴ്സ് വകുപ്പിലെയും ജീവനക്കാരുടെ 120 ദിവസം വരെയുള്ള ശമ്പളമില്ലാത്ത അവധി അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കുന്നു. | 10 ദിവസം |
| | നഗരസഭാ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശയോടെയുള്ള നഗരസഭാ ജീവനക്കാരുടെ 120 ദിവസത്തിൽ കവിഞ്ഞുള്ള ന്യൂനതകളില്ലാത്ത അവധി അപേക്ഷകളും അർബൻ അഫയേഴ്സ് വകുപ്പിലെ ജീവനക്കാരുടെയും / നഗരസഭാ സെക്രട്ടറിമാരുടെയും / മേഖലാ ജോയിന്റ് ഡയറക്ടർമാരുടെയും / മേഖലാ ജോയിന്റ് ഡയറക്ടർമാരുടെയും സമാനമായ ന്യൂനതകളില്ലാത്ത അപേക്ഷകളും ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയയ്ക്കുന്നു. | 10 ദിവസം |
| | അർബൻ അഫയേഴ്സ് ജീവനക്കാരുടെ അർദ്ധ വേതനാവധി, കമ്മ്യൂട്ടഡ് അവധി ആർജ്ജിത അവധി പ്രസവാവധി, അപേക്ഷകർ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നത് | 10 ദിവസം |
| 4എ | **<u>സ്ഥലം മാറ്റം</u>**<br><br>അർബൻ അഫയേഴ്സ് വകുപ്പിലെയും കേരള മുനിസിപ്പൽ കോമൺ സർവ്വീസിലേയും ജീവനക്കാരെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി ആവശ്യമായ ഘട്ടങ്ങളിൽ സ്ഥലം മാറ്റി നിയമനം നൽകൽ | |
| 5 | **<u>ഗ്രേഡ് ആനുകൂല്യങ്ങൾ</u>**<br><br>നഗരസഭാ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശ സഹിതമുള്ള നഗരസഭാ ജീവനക്കാരുടെ അപേക്ഷകളിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി ബന്ധപ്പെട്ട മേഖലാ ജോയിന്റ് ഡയറക്ടർമാർ ഗ്രേഡ് അനുവദിച്ചു നൽകുന്നു. | 10 ദിവസം |
| | ആർബൻ അഫയേഴ്സ് വകുപ്പിലെ ജീവനക്കാർക്ക് ഗ്രേഡ് ആനുകൂല്യം | 15 ദിവസം |

| | | |
|---|---|---|
| | അനുവദിച്ചു നൽകുന്നു. | |
| 6 | **മെഡിക്കൽ റീഇംപേഴ്സ്മെന്റ്**<br><br>വ്യക്തമായ ശുപാർശയോടെ കൗൺസിൽ തീരുമാനം സഹിതം നഗരസഭാ സെക്രട്ടറിമാർ അയച്ചു തരുന്ന നഗരസഭാ ജീവനക്കാരുടെ 10000 രൂപയ്ക്കു മേലെയുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുന്നു.<br><br>അർബൻ അഫയേഴ്സ് വകുപ്പ് ജീവനക്കാരുടെ 5000 രൂപ വരെയുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷകൾ പരിശോധിച്ച് അനുവദിക്കുന്നു. 5000 രൂപ മേലെയുള്ള അപേക്ഷകൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുന്നു.<br><br>നഗരസഭാ കൗൺസിലർമാരുടെ ഹൃദ്രോഗ ചികിത്സ തുടങ്ങിയവ സംബന്ധമായ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷകൾ പരിശേധിച്ച സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു.<br><br>കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെയും അർബൻ അഫയേഴ്സ് വകുപ്പിലെയും ജീവനക്കാർക്കുള്ള ഹൃദ്രോഗ ചികിത്സയ്ക്കുള്ള പലിശ രഹിത വായ്പാ അപേക്ഷകൾ ശുപാർശ ചെയ്യൽ | 10 ദിവസം<br><br>10 ദിവസം<br><br>10 ദിവസം<br><br>10 ദിവസം |
| 7 | <u>**വായ്പകൾ**</u><br><br>എ) മുനിസിപ്പൽ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ സംബന്ധിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ലഭിയ്ക്കുന്ന മുറയ്ക്ക് കെ.യുയ ആർ.ഡി. എഫ്. സി.യ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുന്നു.<br><br>*ബി) അർബൻ* അഫയേഴ്സ് വകുപ്പിലെ ജീവനക്കാർക്ക് നിർദ്ദിഷ്ട വ്യവസ്ഥകൾക്കു അനുസൃതമായി ബാങ്ക് മുഖേന ഭവന വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ശുപാർശ ചെയ്ത് അയയ്ക്കൽ | 10 ദിവസം<br><br>10 ദിവസം |

| | | |
|---|---|---|
| | സി) അർബൻ അഫയേഴ്സ് വകുപ്പിലെ ക്ലാസ്സ 4 ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള പലിശ സഹിത വായ്പ ശുപാർശ ചെയ്യൽ<br><br>ഡി) സർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നല്കുന്ന മറ്റ് വായ്പകൾ അത് സംബന്ധമായ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ചു നൽകൽ | 10 ദിവസം<br><br><br><br><br>10 ദിവസം |
| 8 | <u>**നഗരസഭകൾക്കുള്ള വായ്പ**</u><br><br>കേരള ലോക്കൽ അതോറ്റീസ് ലോൺ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് കെ യു. ആർ.ഡി. എഫ്. സിയിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നഗരസഭകളുടെ അപേക്ഷകളിൽ അനുമതി ഉത്തരവ് നൽകുന്നു.<br><br>നഗരസഭകളുടെ മറ്റു ഏജൻസികളിൽ നിന്നുള്ള വായ്പ അപേക്ഷകൾ സർക്കരിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുന്നു. | <br><br>2 ദിവസം<br><br><br><br><br><br><br>5 ദിവസം |
| 9 | <u>**പെൻഷൻ**</u><br><br>1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം ആണ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ (റഗലർ) ജീവനക്കാർക്ക് പേൻഷൻ ആനുകൂല്യങ്ങൾ നല്കി വരുന്നത്<br><br>ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തു കൊണ്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായാൽ പ്രസ്തുത റിപ്പോർട്ടിലെ അഡീഷണൽ റിമാർക്സിൽ ചൂണ്ടി കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും സി.വി.പി. ശേഖരിക്കുന്നതിനുമായി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്കും ജീവനക്കാരന്റെ പേരിൽ അച്ചടക്കനടപടികൾ ഉണ്ടോ എന്നറിയുന്നതിനായി ഈ ഓഫീസിലെ വിജിലിയൻസ് സെക്ഷനുകൾക്കും അറിയിപ്പ് നൽകുകയും പ്രസ്തുത | <br><br><br><br><br><br><br><br><br>30 ദിവസം |

| | | |
|---|---|---|
| | വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും സമയ ബന്ധിതമായി ലഭ്യമാക്കി ജീവനക്കാരന്റെ പേരിൽ അച്ചടക്ക നടപടികൾ നിലവിലില്ലായെങ്കിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുന്നു. അച്ചടക്ക നടപടികൾ തീർപ്പ് കൽപിക്കാത്ത കേസ്സുകളിലും എൻ.എൽ.സി./എൽ.പി.സി. ലഭിക്കാത്ത കേസുകളിലും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ സമയ പരിധിയ്ക്കുള്ളിൽ പ്രൊവിഷണൽ പെൻഷനും കമ്മ്യൂട്ടേഷനും അനുവദിച്ചു നല്കി വരുന്നു.<br><br>ട്രഷറി നിയന്ത്രണം നിലവിലില്ലാത്ത അവസരത്തിൽ പെൻഷണർക്ക് വിതരണം ചെയ്യേണ്ട തുകയ്ക്കുള്ള ഡി.ഡി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക് അയച്ചു കൊടുക്കുന്നതാണ്. | 10 ദിവസം |
| 10 | **<u>പ്രൊവിഡന്റ് ഫണ്ട്</u>**<br><br>നഗരസഭാ ജീവനക്കാർ സർവ്വീസിസൽ പ്രവേസിച്ച് ഒരു വർഷത്തിനകം കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് സെൻട്രൽ പ്രൊവിഡന്റ് ഫണ്ടിൽ വരിക്കാരാകേണ്ടതാണ്.<br><br>**<u>എ). അക്കൗണ്ട് നമ്പർ അനുവദിയ്ക്കൽ</u>**<br><br>സി.പി. എഫിൽ ചേരുന്നതിനുള്ള ജീവനക്കാരുടെ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം വ്യക്തമായ ശുപാർശയോടെ നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയാൽ അക്കൗണ്ട് നമ്പർ അനുവദിച്ചു നൽകി സി.പി.എഫിൽ അംഗമാക്കുന്നതാണ്.<br><br>**<u>ബി). നോമിനേഷൻ</u>**<br><br>അംഗത്വ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള നോമിനേഷൻ മാറ്റം വരുത്തേണ്ട പക്ഷം ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നോമിനോഷൻ റദ്ദു ചെയ്യുകയും പുതിയത് അംഗീകരിക്കുകയും ചെയ്യുന്നു. | 10 ദിവസം<br><br>10 ദിവസം |

| | | |
|---|---|---|
| | **സി) തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പ**<br><br>ജീവനക്കാരുടെ സി.പി.എഫിൽ നിന്നും തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പാക്കായുള്ള അപേക്ഷകൾ നഗരസഭാ സെക്രട്ടറിയുടെ വ്യക്തമായ ശുപാർശ സഹിതം ലഭിക്കുന്നത് അനുവദിക്കുന്നു.<br><br>താല്ക്കാലിക വായ്പ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി മാറ്റുന്നതിനുള്ള അപാകതകൾ ഇല്ലാത്ത അപേക്ഷകളിൽ ഉത്തരവ് നൽകുന്നു.<br><br>**ഡി) പി.എഫ്. കണക്ക് അവസാനിപ്പിയ്ക്കൽ**<br><br>പി.എഫ്. കണക്ക് അവസാനിപ്പിക്കുന്നതിയാനുള്ള ജീവനക്കാരുടെ അപേക്ഷകൾ മതിയായ രേഖകൾ സഹിതം വ്യക്തമായ ശുപാർശയോടെ നഗരസഭാ സെക്രട്ടറി അയച്ചു തീരുന്നതിൽ തീർപ്പു കല്പിച്ചു തുക അനുവദിച്ചു നൽകുന്നു.<br><br>വരിക്കാരൻ മരണമടയുന്ന സാഹചര്യങ്ങളിൽ മതിയായ രേഖകൾ സഹിതം വ്യക്തമായ ശുപാർശയോടെയുള്ള അപേക്ഷകൾ ലഭിച്ചാൽ ടിയാന്റെ പി.എഫ്. അക്കൗണ്ട് അവസാനിപ്പിച്ച് നിയമാനുസൃത അവകാശിക്ക് തുക അനുവദിച്ചു നല്കുന്നു.<br><br>ജീവനക്കാരൻ മുനിസിപ്പൽ സർവ്വീസിൽ നിന്നും മറ്റേതെങ്കിലും സർവ്വീസിലേയ്ക്ക് മാറി പോകുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ട് അവസാനിപ്പിച്ച് തുക പുതിയ സർവ്വീസിലെ ടിയാന്റ് പി.എഫ്. അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നു. | 15 ദിവസം<br><br>15 ദിവസം<br><br>15 ദിവസം<br><br>30 ദിവസം |
| 11 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ<br>ആർക്കിടെക്ടുമാർ, എഞ്ചിനീയർമാർ, ടൗൺ പ്ലാനർമാർ സൂപ്പർവൈസർമാർ തുടങ്ങിയവരുടെ രജിസ്ട്രേഷൻ | |

| | | |
|---|---|---|
| | 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 149 പ്രകാരം കേരളത്തിലെ കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ആർക്കിടെക്ടുകൾ, എഞ്ചിനീയർമാർ, ടൗൺ പ്ലാനർമാർ, സൂപ്പർവൈസർമാർ എന്നിവയ്ക്ക് ലൈസൻസ് നൽകുന്നു.<br><br>**<u>ലൈസൻസ് നൽകൽ</u>**<br><br>ലൈസൻസിനാവശ്യമായ അപേക്ഷകൾ അതത് മേഖലാ ജോയിന്റ് ഡയറക്ടർമാരുടെ ശുപാർശ സഹിതം ലഭിക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നു. അപേക്ഷകൾ നഗരകാര്യ ഡയറക്ടർ ഓഫീസിൽ നിന്നാണ് വിതരണം ചെയ്യുന്നത്<br><br>അപേക്ഷാ ഫീസ് 25/- രൂപ<br><br>ലൈസൻസ് ഫീസ് നിരക്കുകൾ<br><br>ആർക്കിടെക്ട് /എഞ്ചിനീയർ എ - 3000/- രൂപ<br>ബിൽഡിംഗ്സ് ഡിസൈനർ / എഞ്ചിനീയർ ബി - 2500/- രൂപ<br>സൂപ്പർവൈസർ എ - 1500/-<br>സൂപ്പർവൈസർ ബി - 1000/- രൂപ<br><br>**<u>ലൈസൻസ് പുതുക്കൽ</u>**<br><br>ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ നിലവിലുള്ള ലൈസൻസിന്റെ കാലാവധി തീരുന്നതിനു മുൻപു തന്നെ വെള്ള പേപ്പറിൽ ആവശ്യമായ കോർട്ട് ഫീ സ്റ്റാംപ് പതിച്ച് (നിലവിൽ 5 രൂപ)<br><br>ഐഡന്റിറ്റി കാർഡും സർട്ടിഫിക്കറ്റിന്റെ പകർപ്പും നിർദ്ദിഷ്ട ഫീസ് ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാനും സഹിതം സമർപ്പുംപോൾ പ്രസ്തുത ലൈസൻസ് പുതുക്കി നൽകുന്നു.<br><br>**<u>ഐഡന്റിറ്റി കാർഡ്/സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടാൽ</u>** | <br><br><br><br><br><br><br><br>15 ദിവസം<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>15 ദിവസം |

| | | |
|---|---|---|
| | ഐഡന്റിറ്റി കാർഡും സർട്ടിഫിക്കറ്റും ഒരുമിച്ചോ ഇവയിൽ ഏതെങ്കിലുമോ തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ 25/- രൂപ വിലയുള്ള അപേക്ഷ ഫോറത്തിൽ 2 ഫോട്ടോയും (ഐഡന്റിറ്റി കാർഡിനു മാത്രം ബാധകം) 50/- രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ അപേക്ഷകന്റെ ഒരു സത്യവാങ്മൂലവും (2 സാക്ഷികൾ ഒപ്പിട്ടത്) സഹിതം അപേക്ഷ സമർപ്പിച്ചാൽ പുതിയ ഐഡന്റിറ്റി കാർഡ്/സർട്ടിഫിക്കറ്റ് നൽകുന്നു.<br><br>ലൈസൻസ് കാലാവധി കഴിഞ്ഞ അപേക്ഷകർ അവരുടെ ഒറിജിനൽ ഐഡന്റിറ്റി കാർഡും സർട്ടിഫിക്കറ്റും കതിരികെ നല്കി ആവശ്യമായ തുക ചെലാൻ അടച്ച് 2 ഫോട്ടോ സഹിതം അപേക്ഷ സമർപ്പിക്കുംമ്പോൾ പുതുതായി ലൈസൻസ് നൽകുന്നു. | 15 ദിവസം<br><br>15 ദിവസം |
| 12 | **<u>സ്ഥലം പൊന്നും വിലക്കെടുക്കൽ</u>**<br><br>1.10.2001ലെ 39890/ഡി3/01/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ നിർദ്ദേശാനുസരണമുള്ള രേഖകൾ സഹിതമുള്ള അപേക്ഷകൾ നഗരസഭാ സെക്രട്ടറിമാർ സമർപ്പിക്കേണ്ടതുമാണ്. കുറ്റമറ്റ അപേക്ഷകൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു. | 10 ദിവസം |
| 13 | **<u>ഫണ്ട് വിതരണം</u>**<br><br>1. സംസ്ഥാന സർക്കാരിന്റെ കേരള വികസന പദ്ധതിയനുസരിച്ച് നഗരസഭകൾക്കുള്ള പദ്ധതി വിഹിതം സർക്കാർ ഉത്തരവിനു വിധേയമായി അർബൻ അഫയേഴ്സ് ഡയറക്ടറാണ് നൽകി വരുന്നത്<br><br>2. ഐ.ഡി.എസ്.എം.റ്റി., എം.എസ്.എച്ച്., ഐ.എസ്.യു.ഐ., എന്നീ പദ്ധതികൾക്കുള്ള തുകയും, ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ പദ്ധതിയേതര പ്രവർത്തനത്തിനുള്ള അലോട്ട്മെന്റും സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് അനുവദിച്ചു നൽകുന്നു. | 5 ദിവസം<br><br>10 ദിവസം |

| | | |
|---|---|---|
| | 3. എൻ.എസ്.ഡി.പി. എസ്.ജെ. എസ്. ആർ.വൈ എന്നീ പദ്ധതികൾക്കുള്ള തുക കുടുംബശ്രീക്കും ക്ലീൻ കേരള പദ്ധതികൾക്കുള്ള തുക ക്ലീൻ കേരള മിഷൻ ഡയറക്ടർക്കും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നല്കി വരുന്നു. | 5 ദിവസം |
| 14 | <u>**നഗരകാര്യ വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ**</u><br><br>നഗരകാര്യ വകുപ്പിലെ ജീവനക്കാരുടെയും മുനിസിപ്പൽ സെക്രട്ടറിമാരുടെയും മേഖലാ ജോയിൻര് ഡയറക്ടർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. | 10 ദിവസം |
| 15 | <u>**നഗരകാര്യ വകുപ്പിലെ ജീവനക്കാരുടെ ജി.പി.എഫ്., എസ്.എൽ.ഐ. ജി.ഐ.എസ്. അഡ്മിഷൻ**</u><br><br>എ) നഗരകാര്യ വകുപ്പിലെ ജീവനക്കാരുടെ പി.എഫ്., എസ്.എൽ.ഐ. ജി.ഐ.എസ്. എന്നിവയിൽ അംഗമാകാൻ ചേരുന്നതിനുള്ള അപേക്ഷകൾ അതത് സംഗതിപോലെ അക്കൗൺന്റ് ജനറൽ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡയറക്ടർ എന്നിവർക്ക് ശുപാർശ സഹിതം അയയ്ക്കുന്നു.<br><br>*ബി) ജി.പി.എഫിൽ നിന്ന് താല്ക്കാലിക വായ്പ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പ റിട്ടയർ ചെയ്തവർക്ക് ഇൻഷ്വറൻസ് പദ്ധതികളിൽ നിന്ന് തുക തിരിച്ച് ലഭി*ക്കുവാനുള്ള അപേക്ഷ എഫ്.ബി.എസ്. തുക എന്നിവ സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി നൽകുന്നു. | 10 ദിവസം<br><br><br><br><br><br><br><br><br><br><br><br>30 ദിവസം |
| 16 | <u>**അന്വേഷണങ്ങൾ, പരാതികൾ**</u><br><br>നഗരസഭകളിലെ നികുതി നിർണ്ണയം, | <br><br>30 ദിവസം |

| | | |
|---|---|---|
| | ലൈസൻസ് അനുവദിയ്ക്കൽ, കെട്ടിട നിർമ്മാണം, അനധികൃത നിർമ്മാണം പുറംപോക്ക് കയ്യേറ്റം പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നികുതിദായകരോ പൗരജവനങ്ങളോ സംഘടനകളോ നൽകുന്ന പരാതികളിൽ നഗരസഭാ സെക്രട്ടറിമാരിൽ നിന്ന് റിപ്പോർട്ട് വാങ്ങിയും ആവശ്യമായ കേസുകളിൽ നേരിട്ട് പരിശോധിച്ചും നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി അപ്പപോൾ പരിഹാരം കാണുന്നതും ആവശ്യമായ കേസുകളിൽ സർക്കാരിന് നേരിട്ട് നൽകി നികുതിദായകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. | |
| 17 | **<u>പെർഫോമൻസ് ആഡിറ്റ്</u>**<br><br>കേരള വികസനം പദ്ധതിയിൽ ഉൾപ്പെട്ടതും അല്ലാതെയുമായി വിവിധ മേഖലകളിലുള്ള നഗരസഭകളുടെ പ്രവർത്തനങ്ങളുടെ പുരോഗതി മേഖലാ ജോയിന്റ് ഡയറക്ടർമാർ പ്രതിമാസ അവലോകനം ചെയ്യുകയും 6 മാസത്തിലൊരിക്കൽ പെർഫോമൻസ് ആഡിറ്റിന് വിധേയമാക്കുകയും ചെയ്യുന്നു. പ്രസ്തുത ഘട്ടത്തിൽ നഗരസഭകളിലെ ഏതെങ്കിലും പ്രവർത്തനത്തെ പറ്റിയോ പദ്ധതിയെ പറ്റിയോ ആക്ഷേപമുള്ളവർക്ക് ആഡിറ്റ് വിഭാഗത്തിന് മുൻപാകെ നേരിട്ട് ഹാജരായി പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. | |

ഇത്തരത്തിലാണ് അർബൻ അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തന മേഖല രൂപീകരിച്ചിട്ടുള്ളത്. ആ നിലയ്ക്ക് മറ്റു സർക്കാർ വകുപ്പുകളിലായി തുലനം ചെയ്യുമ്പോൾ പൊതു ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന വിഷയങ്ങൾ താതമ്യേന കുറവാണ്.

സെക്ഷൻ ഓഫീസർ